## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 7749 — 15.07.2014-ൽ മറുപടിക്ക്.

# സർക്കാർ തലത്തിൽ ഫയർ & സേഫ്റ്റി കോഴ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അഗ്നിശമന സേനാ വകുപ്പിന് സ്വന്തമായി സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി രൂപം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | : (എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലെ ഫയർമാൻ മുതൽ ഡിവിഷണൽ ഓഫീസർവരെയുള്ള തസ്തികകൾക്ക് സ്പെഷ്യൽ റൂൾ നിലവിലുണ്ട്. ഡയറക്ടർ (ടെക്നിക്കൽ), ഡയറക്ടർ (ഭരണം), സ്റ്റേഷൻ ഓഫീസർ (മോട്ടോർ ട്രാൻസ്പോർട്ട്) എന്നീ തസ്തികകൾക്ക് സ്പെഷ്യൽ റൂൾ നിലവിലില്ല. ടി പുതിയ തസ്തികകൾക്ക് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനും നിലവിലെ സ്പെഷ്യൽ റൂളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത വകുപ്പിന്റെ സേവനം ജനങ്ങൾക്ക് കൂടുതൽ ലഭ്യമാക്കുന്നതിന് പുതിയതായി സ്റ്റേഷനുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; | :(ബി) സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. |
| (സി) സ്വകാര്യ സ്ഥാപനങ്ങളിൽ നടത്തുന്ന ഫയർ & സേഫ്റ്റി കോഴ്സുകൾ സർക്കാർ തലത്തിൽ വിയ്യൂർ ഫയർ & റെസ്ക്യൂ സർവ്വീസ് അക്കാഡമി കേന്ദ്രീകരിച്ച് നടത്തുന്ന കാര്യം പരിഗണിക്കുമോ; | : സി) വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ അക്കാഡമിയിൽ പുതിയ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) അഗ്നിസുരക്ഷാ സംവിധാനങ്ങൾ പാലിക്കാത്ത സ്ഥലങ്ങളിൽ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഫയർ & റസ്ക്യൂ സർവ്വീസസ്സ് വകുപ്പിന് അധികാരം നൽകുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുമോ? | : (ഡി) 'അഗ്നിപ്രതിരോധവും ജീവൻസുരക്ഷാ നടപടികളും'- കരട് ബിൽ പരിഗണനയിലാണ്. ആയത് നിയമമാകുന്ന മുറയ്ക്ക് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് നിയമ നടപടികൾ സ്വീകരിക്കാൻ അധികാരം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ